LIBRARY ARCHIVES Kerala Legislative Assembly

ലാഭപ്രഭ പദ്ധതി

17 (2255) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) 2014 മാർച്ച് 1 മുതൽ മേയ് 31 വരെയായിരുന്ന ലാഭപ്രഭ 2014 (സീസൺ-2)-ന്റെ പദ്ധതി കാലയളവ്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ-2 ന്റെ സവിശേഷത. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു:

- പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്. ലാമ്പ്.
- പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തെക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൗരോർജ്ജറാന്തലും, പിന്നീടുള്ള 50000 പേർക്ക് ഓരോ സി.എഫ്. ലാമ്പും.
- ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിക്കുകയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും ചെയ്യുന്ന, ഓരോ റവന്യൂ ജില്ലയിലെയും ആദ്യത്തെ 10 സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (Grid tied) 5 കിലോ വാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്. 20 ശതമാനത്തിൽ

കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെ.എസ്.ഇ.ബി. വഹിക്കും. സമ്മാനാർഹമാകുന്ന സ്കൂളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൗരോർജ്ജ റാന്തലും ബഹുമതി പത്രവും നൽകും.

ലാഭപ്രഭ 2014 പദ്ധതിയിൽ 193000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം നല്കാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതിയുടെ സമ്മാനാർഹരെ നിശ്ചയിക്കാനായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് രണ്ട് വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങൾ അതാത് സ്കൂളുകളിൽ നിന്ന് ലഭിച്ച ശേഷം സമ്മാനാർഹരെ കണ്ടെത്താൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളായ സ്കൂളുകളിൽ നിന്ന് വിശദാംശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതു പൂർണ്ണമായി ലഭിച്ചു കഴിയുമ്പോൾ മാത്രമേ പൂർണ്ണ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

കൊല്ലം പരവൂരിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്

18 (2256) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ മുമ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഉണ്ടായിരുന്നത് സാങ്കേതിക കാരണങ്ങളാൽ നിറുത്തൽ ചെയ്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത നഗരസഭകൾ ഉണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മുനിസിപ്പാലിറ്റി എന്ന നിലയിൽ പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ, പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ എന്നിവ ചേർത്ത് പരവൂരിൽ പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly